**"CORRUPTION, A CRIME AGAINST NATION"**

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി. 23 .05. 2023

## വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് റവന്യൂ അദാലത്തിന്നിടയിൽ കൈക്കൂലി വാങ്ങവേ വിജിലൻസ് പിടിയിൽ

വസ്തുവിന്റെ ലൊക്കേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിന് 2500/- രൂപ കൈക്കൂലി വാങ്ങുന്നതിന്നിടയിൽ പാലക്കാട് ജില്ല പാലക്കയം വില്ലേജ് ഓഫീസിലെ വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് ശ്രീ. സുരേഷ് കുമാർ.വി ഇന്ന് (23.05.2023) രാവിലെ വിജിലൻസ് പിടിയിലായി

മഞ്ചേരി സ്വദേശിയായ പരാതിക്കാരന്റെ പാലക്കയം വില്ലേജ് പരിധിയിലെ 45 ഏക്കർ സ്ഥലത്തിന്റെ ലൊക്കേഷൻ സർട്ടിഫിക്കറ്റിനായി ദിവസങ്ങൾക്ക് മുമ്പ് വില്ലേജ് ഓഫീസിൽ അപേക്ഷ സമർപ്പിച്ചിരുന്നു. തുടർന്ന് സർട്ടിഫിക്കറ്റിനായി വില്ലേജ് ഓഫീസിൽ അന്വേഷിച്ചപ്പോൾ ഫയൽ വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് ശ്രീ. സുരേഷ് കുമാർ.വി-യുടെ കൈവശം ആണെന്നറിഞ്ഞ് സുരേഷ് കുമാറിന്റെ ഫോണിൽ വിളിച്ചപ്പോൾ 2500/- രൂപ കൈക്കൂലി ആവശ്യപ്പെടുകയും കൈക്കൂലിയുമായി മണ്ണാർക്കാട് താലൂക്ക് തല റവന്യൂ അദാലത്ത് നടക്കുന്ന എം.ഇ.എസ് കോളേജിൽ ഇന്ന് (23.05.2023)രാവിലെ എത്താൻ ആവശ്യപ്പെടുകയും ചെയ്തു. തുടർന്ന് പരാതിക്കാരൻ ഈ വിവരം പാലക്കാട് വിജിലൻസ് യൂണിറ്റ് ഡി.വൈ.എസ്.പി ശ്രീ. ഷംസുദ്ദീനെ അറിയിക്കുകയും അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള വിജിലൻസ് സംഘം കെണിയൊരുക്കി മണ്ണാർക്കാട് കോളേജിനു മുൻവശം പാർക്ക് ചെയ്തിരുന്ന സുരേഷ് ബാബുവിന്റെ കാറിൽ വച്ച് 2500/- രൂപ കൈക്കൂലി വാങ്ങവേ വിജിലൻസ് സംഘം പ്രതിയെ കൈയ്യോടെ പിടികൂടുകയായിരുന്നു.

ഇതേ വസ്തു LA പട്ടയത്തിൽ പെട്ടതല്ലായെന്ന സർട്ടിഫിക്കറ്റിനായി ഇതേ പരാതിക്കാരന്റെ പക്കൽ നിന്നും ആറ് മാസം മുമ്പ് 10,000/- രൂപയും പൊസഷൻ സർട്ടിഫിക്കറ്റിനായി അഞ്ച്മാസം മുമ്പ് 9000/- രൂപയും ശ്രീ. സുരേഷ് കുമാർ.വി. കൈക്കൂലിയായി പരാതിക്കാരനിൽ നിന്നും വാങ്ങിയിരുന്നു. തുടർന്നാണ് ലൊക്കേഷൻ സർട്ടിഫിക്കറ്റിനായി അപേക്ഷ സമർപ്പിച്ച അവസരത്തിൽ തന്നെ 500/- കൈക്കൂലിയായി വാങ്ങിയ ശേഷം സർട്ടിഫിക്കറ്റിനായി റവന്യൂ അദാലത്ത് നടക്കുന്ന എം.ഇ.എസ് കോളേജിൽ 2500/- രൂപയുമായി കൈക്കൂലിയുമായി എത്തുന്നതിന് ആവശ്യപ്പെട്ടത്.

വിജിലൻസ് സംഘത്തിൽ ഡി.വൈ.എസ്.പി-യെ കൂടാതെ പോലീസ് ഇൻസ്പെക്ടർമാരായ ശ്രീ. ഫിലിപ്പ്, ശ്രീ. ഫറോഖ്, പോലീസ് സബ് ഇൻസ്പെക്ടർമാരായ ശ്രീ. സുരേന്ദ്രൻ, ശ്രീ.മനോജ്, പോലീസ് ഉദ്യോഗസ്ഥരായ ശ്രീ. മനോജ്, ശ്രീ. സതീഷ് ,ശ്രീ. സനേഷ്, ശ്രീ. സന്തോഷ്, ശ്രീ. ബാലകൃഷ്ണൻ, ശ്രീ.മനോജ്, ശ്രീ.ഉവൈസ് എന്നിവരും ഉണ്ടായിരുന്നു.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം. ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു